**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 539** **08.08.2017 - ൽ മറുപടിക്ക്.**

## മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ ശാലകൾ

ചോദ്യം
ശ്രീ. എം. സ്വരാജ്.

**മറുപടി**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) സംസ്ഥാനത്ത് മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ ശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(എ) : ഉണ്ട്.
എറണാകുളം ജില്ലയിലെ ഇടയാറിൽ ഒരു ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു കഴിഞ്ഞു. തൃശ്ശൂരിൽ പുഴയ്ക്കൽപ്പാടത്ത് ഒരു സമുച്ചയത്തിന്റെ പണി പൂർത്തിയായി. മലപ്പുറത്ത് മഞ്ചേരിയിൽ ഒരു സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് വേളിയിൽ രണ്ട് സമുച്ചയങ്ങളും തൃശ്ശൂർ പുഴയ്ക്കൽ പ്പാടത്ത് രണ്ടാമത്തെ സമുച്ചയം, അലപ്പുഴ ജില്ലയിലെ പുന്നപ്ര, പാലക്കാട് ജില്ലയിലെ പുതുശ്ശേരി, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതവും സമുച്ചയങ്ങളുടെ നിർമാണം ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കിൻഫ്രയുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബഹുനില വ്യവസായ കെട്ടിട സമുച്ചയം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് :

1.കിൻഫ്ര ടെക്സ്റ്റൈൽ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കഞ്ചേരിയിലെ 100000 ചതുരശ്രയടി വിസ്തീർണമുള്ള ബഹുനില ഫാക്ടറി കെട്ടിടത്തിന്റെ രണ്ടാംഘട്ട വികസനം.

2.കിൻഫ്ര വ്യവസായ പാർക്ക്

| | | |
|---|---|---|
| | | രാമനാട്ടുകരയിൽ 100000 ചതുരശ്രയടി വിസ്തീർണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം.<br>3. കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം - ഐ.ടി/ഐ.ടി അധിഷ്ഠിത മേഖലയിലെ രണ്ടാംഘട്ട വികസനം (പ്രത്യേക സാമ്പത്തിക മേഖല) (230000 ചതുരശ്രയടി വിസ്തീർണം). |
| (ബി) | ഇത്തരത്തിലുള്ള ഇൻഡസ്ട്രിയൽ ശാലകൾ ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്തെന്ന് അറിയിക്കുമോ ? | (ബി) : സംസ്ഥാനത്ത് ഭൂമിയുടെ ലഭ്യതക്കുറവ് പരിഗണിച്ച് കൂടുതൽ വ്യവസായ സംരംഭകർക്ക് അവരുടെ വ്യവസായങ്ങൾ ആരംഭിക്കുവാൻ അനുയോജ്യമായ ഒരു സംവിധാനമാണ് ബഹുനില വ്യവസായ സമുച്ചയം. ഇത്തരം സമുച്ചയങ്ങൾ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏറ്റവും അനുയോജ്യമാണ്. ഇത്തരം വ്യവസായ കെട്ടിട സമുച്ചയങ്ങൾ വഴി കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.